**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4622** **19-03-2025 - ൽ മറുപടിയ്ക്ക്**

**വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമിയുടെ ക്രയവിക്രയത്തിനുള്ള നിരാക്ഷേപ പത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമി ക്രയവിക്രയം നടത്തുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം വേണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ നിരാക്ഷേപ പത്രം വേണമെന്ന് പ്രതിപാദിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വനവുമായി അതിര് പങ്കിടുന്ന പട്ടയഭൂമി ക്രയവിക്രയം നടത്തുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ഹാജരാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം രജിസ്ട്രേഷൻ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയ്ഞ്ചിൽ 2019-2021 വർഷങ്ങളിലെ ജണ്ട നിർമ്മാണത്തിലെ അപാകത കാരണം ഇപ്രകാരമുള്ള നിരാക്ഷേപ പത്രം നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണ ജനത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രസ്തുത പ്രശ്നം പരിഹരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയ്ഞ്ചിലെ 2019-2021 വർഷങ്ങളിലെ ജണ്ട നിർമ്മാണ വിഷയവുമായി ബന്ധപ്പെട്ട് ഒരാളുടെ അപേക്ഷയിൻമേൽ നിരാക്ഷേപ പത്രം നൽകിയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനാതിർത്തി പുനർ നിർണ്ണയം നടത്തുന്ന മുറയ്ക്ക് ടി പ്രശ്നം പരിഹരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ